**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6102** **09-07-2024 - ൽ മറുപടിയ്ക്ക്**

**നെല്ലിക്കാപ്പറമ്പ് 110 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട നെല്ലിക്കാപ്പറമ്പ് 110 കെ.വി.സബ്സ്റ്റേഷൻ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | നെല്ലിക്കാപ്പറമ്പ് 33 കെ.വി സബ്സ്റ്റേഷന് 2010-ൽ ഭരണാനുമതി ലഭിച്ചെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാവാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പിന്നീട് 2021 നവംബറിൽ M/s Poabs Rocks Products Ltd കോഴിക്കോട് എന്ന സ്ഥാപനം അവരുടെ കൈവശമുള്ള 35 സെന്റ് സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി കെ.എസ്.ഇ.ബി ലിമിറ്റഡിന് സൗജന്യമായി വിട്ടു നൽകാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി RDSS രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പാക്കാനാണ് തുടക്കത്തിൽ തീരുമാനിച്ചത്. എന്നാൽ RDSS രണ്ടാംഘട്ടത്തിനുള്ള അനുമതി ലഭിക്കാൻ സമയമെടുക്കുമെന്നതിനാൽ നെല്ലിക്കാപ്പറമ്പ് 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നടപ്പിലാക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കുന്നതിനും സബ്സ്റ്റേഷൻ നിർമ്മാണത്തിനുമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സബ്സ്റ്റേഷൻ പ്രവർത്തനം ഏതു കാലയളവിൽ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിച്ച് 2026 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ